## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3431 12/05/2017-ൽ മറുപടിയ്ക്ക്

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | 2016-17-ലെ ബഡ്ജറ്റിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പ്രഖ്യാപിച്ച വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും, എന്നത്തേക്ക് ആനുകൂല്യങ്ങൾ നല്കാനാവുമെന്നുമാണ് പ്രതീക്ഷിക്കുന്നത്? | (എ) | 2016-17-ലെ ബജറ്റിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പ്രഖ്യാപിച്ച വിദ്യാഭ്യാസ ആനുകൂല്യങ്ങളിൽ ലംപ്സംഗ്രാന്റും ജൂൺ മാസം മുതൽ ഒക്ടോബർ മാസം വരെയുള്ള 5 മാസത്തെ സ്റ്റൈപ്പന്റും 2016 ജൂണിൽത്തന്നെ അനുവദിച്ചു. നവംബർ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലെ ആനുകൂല്യങ്ങൾ ഒക്ടോബർ മാസം മുതൽ വിതരണം ചെയ്തിട്ടുണ്ട്. പോസ്റ്റ്മെട്രിക് ആനുകൂല്യങ്ങൾ ഇ-ഗ്രാന്റ്സ് മുഖാന്തിരം സ്ഥാപനമേധാവികൾ സമയബന്ധിതമായി ക്ലെയിം ചെയ്യുന്നതിനനുസരിച്ച് വിദ്യാർത്ഥികളുടെ അക്കൗണ്ടി ലേക്ക് നേരിട്ട് നിക്ഷേപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>2016-17-ൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പ്രീമെട്രിക് വിദ്യാർത്ഥികൾക്ക് എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും നല്കിയിട്ടുണ്ട്. പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേനയുള്ള ആനുകൂല്യങ്ങൾ ബേങ്ക് അക്കൗണ്ടുകളിലേയ്ക്കാണ് നല്കുന്നത്. ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് മുതലായവ 25% വർദ്ധിപ്പിക്കുകയുമുണ്ടായി. |

സെക്ഷൻ ഓഫീസർ